
Rs. 20/-
Keraleeyam
2008 April
Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 20&21/4/2008

● നിർദ്ദേശങ്ങൾ

**കോട്ടയം ബി സി എം കോളേജിലെ സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായ ഈദ് മുഹമ്മദ് ഹനീഫയും വിജിത്ത് മാത്യുവും കോഴ്സിന്റെ ഭാഗമായി പ്ളാച്ചിമടയിൽ നടത്തേണ്ട സാമൂഹിക പ്രവർത്തനം എന്താണ് എന്നതിനെക്കുറിച്ച് നടത്തിയ പഠനത്തിലെ നിർദ്ദേശങ്ങൾ**

# പ്ലാച്ചിമട പ്രശ്നവും സമരവും സാമൂഹിക പ്രവർത്തന വിദ്യാർത്ഥികളുടെ കണ്ണിലൂടെ



രാഷ്ടീയ പാർട്ടികളുടെയും സാമൂഹിക സംഘടനകളുടെയും ഭാഗത്ത് നിന്ന് രൂക്ഷമായ പ്രതിഷേധം ഒരു കാലത്ത് പ്ളാച്ചിമടയിൽ ഉണ്ടാകുകയും കമ്പിനി താത്കാലികമായി അടച്ചിടുന്നതിലേക്ക് കാര്യങ്ങൾ എത്തുകയും ചെയ്തു. എന്നാൽ പ്ളാച്ചിമട സമരം ഉന്നയിച്ച ആവശ്യങ്ങളൊന്നും തന്നെ അധികൃതർ ഇതേ വരെ പരിഗണിച്ചിട്ടില്ല. സുപ്രീം കോടതിയിൽ നിയമയുദ്ധം തുടരുന്നു. സമരം ഇപ്പോൾ ദുർബലമാണ്. എന്നിരുന്നാലും ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ശക്തമായ സമരം നടത്താൻ പ്രദേശവാസികൾ ഇപ്പോഴും തയ്യാറാണ്.

## സമരം ദുർബലമാകാൻ ഞങ്ങൾ കരുതുന്ന കാര്യങ്ങൾ

- സമര പ്രവർത്തകരായ തദ്ദേശവാസികളുടെ ഇടയിലും ഐക്യദാർഢ്യ പ്രവർത്തകരുടെ ഇടയിലുമുള്ള ആഭ്യന്തര പ്രശ്നങ്ങൾ
- പ്രാദേശിക ജനങ്ങളുടെ മുൻഗണന സമരത്തിൽ നിന്നും സ്വന്തം ജീവിതത്തിന്റെ ഉന്നമനത്തിലേക്ക് തിരിഞ്ഞു.
- പ്രദേശവാസികളായ സമരപ്രവർത്തകരെ സ്വയം തീരുമാനങ്ങളെടുക്കാൻ പ്രാപ്ത്തിയുള്ളവരാക്കുന്നതിൽ പുറത്ത് നിന്നുള്ള പ്രവർത്തകർക്കുണ്ടായ പരാജയം
- സമരം ഫലം കാണാതെ തുടർന്നു പോകുന്നതിന്റെ അനിശ്ചിതത്വം
- സമരം ഉന്നയിച്ച നാല് ആവശ്യങ്ങളെക്കുറിച്ചുള്ള അറിവില്ലായിമ
- പ്ളാച്ചിമടയിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥയും ആദിവാസികളോടുള്ള മോശമായ സമീപനവും
- മൂടിവയ്ക്കപ്പെട്ട അജണ്ടകളുള്ള രാഷ്ട്രീയ പാർട്ടികളുടെ സമരത്തിലെ ഇടപെടൽ

## സമരം ലക്ഷ്യം നേടുന്നതിനുള്ള സാമൂഹിക പ്രവർത്തനം ഞങ്ങളുടെ വീക്ഷണത്തിൽ

- സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രദേശവാസികളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുക
- വരുമാന ദായക പ്രവർത്തനങ്ങൾ ചെയ്യാനുള്ള സഹായം അവർക്ക് നൽകുക
- മുതിർന്നവരുടെ സംഘങ്ങൾ പോലെ തന്നെ കുട്ടികളുടെ സാമൂഹിക വളർച്ച ലക്ഷ്യമാക്കി കുട്ടികളുടെ സംഘങ്ങള രൂപീകരിക്കുക
- കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായി ക്യാംപുകൾ നടത്തുക
- സാക്ഷരതാപ്രവർത്തനങ്ങൾ നടത്തി തദ്ദേശവാസികളെ അക്ഷരാഭ്യാസമുള്ളവരാക്കുക
- പഞ്ചായത്തിനെയും മറ്റ് സംസ്ഥാനങ്ങളേയും സമീപിക്കുന്നതിന് പ്രദേശവാസികൾ നേരിടുന്ന പ്രയാസങ്ങൾ മാറ്റാൻ ഹെൽപ്പ് ലൈൻ രൂപീകരിക്കുക.
- ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് ആഴ്ചയിൽ രണ്ട് തവണയെങ്കിലും സൗജന്യ വൈദ്യസഹായ സംവിധാനം പ്ലാച്ചിമടയിൽ ഏർപ്പെടുത്തുക.
- ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനായി സമര/ഐക്യദാർഢ്യ സമിതികൾ ചേർന്ന് ഒരു ക്ഷേമകാര്യ സമിതി രൂപീകരിക്കുക.

## ക്ഷേമകാര്യ പ്രവർത്തനങ്ങളല്ലാത്ത പ്രവർത്തനങ്ങൾ

- ജാതിവ്യവസ്ഥ മൂലമുള്ള വേർതിരിവില്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.
- കോളയെ പുറത്താക്കുന്നതിനായി ഒരുമിച്ച് നിൽക്കുന്നതിനുള്ള ഐക്യം രൂപപ്പെടുത്തുക.
- രാഷ്ട്രീയവും അരാഷ്ട്രീയവുമായ മുതലെടുപ്പുകളെ മനസ്സിലാക്കുന്നതിന് പ്രദേശവാസികളെ പ്രാപ്തരാക്കുക.

*ബി.സി.എം. കോളേജ്, കോട്ടയം*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21
Printed at Ayodhya Printers Pvt.Ltd., Kochi, for Patabhadham Printers, Thrissur-2. Editor : K.S. Pramod Phone : 9446576943 E-mail : keraleeyamtcr@rediffmail.com